# <u>മോഷണ സംഘം പിടിയിൽ</u>

ആലുവയിലും പരിസരങ്ങളിലും വൻ മോഷണത്തിന് പദ്ധതിയിട്ട് ആയുധങ്ങളുമായി ഒരുങ്ങി നിന്ന പ്രതികൾ പിടിയിൽ. ഇടുക്കിയിൽ തൊടുപുഴ കരിങ്കുന്നം പുത്തൻപള്ളി വലിയ കോളനിക്ക് സമീപം താമസിക്കുന്ന തെക്കേടത്ത് വീട്ടിൽ സുരേഷ് (55), തൃശൂർ ജില്ല കൊടുങ്ങല്ലൂർ പുല്ലാട്ടുചപ്പാറ ഉഴുവാത്ത കടവ് ചക്കാണ്ടി വീട്ടിൽ വിനു (44), വേങ്ങൂർ കൊമ്പനാട് ക്രാരിയേലി കൊച്ചക്കൽ വീട്ടിൽ എൽദോ(40) എന്നവരെയാണ് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക്ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്തത്. പ്രതികൾ കോട്ടയം, തൃശൂർ, എറണാകുളം ജില്ലകളിൽ വിവിധ സ്റ്റേഷനുകളിലെ നിരവധി മോഷണക്കെസുകളിൽ പ്രതികളാണ്. അന്വേഷണത്തിൽ റസിഡൻസ് അസോസിയേഷന്റെ സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്നും ഇവരെ കുറിച്ച് വിവരങ്ങൾ ലഭിച്ചിരുന്നു. എസ്.പി കെ കാർത്തികിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിൽ ആലുവ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് റ്റി.എസ്.സിനോജ്, ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ പി.എസ്.രാജേഷ്, എസ്.ഐ മാരായ ആർ.വിനോദ്, വിപിൻ ചന്ദ്രൻ, രാജൻ, എം.എ.നവാസ്, എ.എസ്.ഐ സജിവ്, എസ് സി.പി.ഒ ബൈജു, സി.പി.ഒ മാഹിൻഷാ, അബൂബക്കർ എന്നിവരാണ് ഉണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ്ചെയ്തു